കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരുമ്പാവൂർ നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീമതി. വി. ബൽക്കീസിന്റെ ഭർത്താവിന്റെ ചികിത്സാ ചെലവ് മെഡിക്കൽ റീ- ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3356/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 16.11.2015

=====================================================================

പരാമർശം:-
1) ശ്രീമതി. ബൽക്കീസിന്റെ 04.07.2014-ലെ അപേക്ഷ.
2) 14.09.2015-ലെ പെരുമ്പാവൂർ നഗരസഭാ കൗൺസിലിന്റെ 22-ാം നമ്പർ തീരുമാനം.
3) നഗരകാര്യ ഡയറക്ടറുടെ 26.09.2015-ലെ ഡി.സി.1-20462/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പെരുമ്പാവൂർ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.വി. ബൽക്കീസിന്റെ ഭർത്താവിന്റെ അസുഖത്തിന് എറണാകുളം ലേക്ക്ഷോർ ആശുപത്രിയിൽ ചികത്സയ്ക്കു ചെലവായ 2,69,415/- രൂപ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് അപേക്ഷിച്ചിരിക്കുന്നു. ആരോഗ്യ ഡയറക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1,06,175/- രൂപ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുമ്പാവൂർ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. വി. ബൽക്കീസിന്റെ ഭർത്താവിന്റെ അസുഖത്തിന് എറണാകുളം ലേക്ക്ഷോർ ആശുപത്രിയിൽ നടത്തിയ ചികത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 1,06,175/- രൂപയുടെ 80% പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത

എന്നിവ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് ഉറപ്പു വരുത്തണമെന്ന വ്യവസ്ഥയിലും ടി തുക പെരുമ്പാവൂർ നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും അനുവദിച്ചു നൽകാവുന്നതാണെന്ന നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 പ്രകാരം റീ ഇംബേഴ്സ് ചെയ്യുന്നതിന് പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
(മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ശ്രീമതി. വി. ബൽക്കിസ്, സീനിയർ ക്ലാർക്ക്, പെരുമ്പാവൂർ നഗരസഭ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**